# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1466** **10.02.2020 ൽ മറുപടിയ്ക്ക്**

**ജൈവപച്ചക്കറി പ്രോത്സാഹനത്തിനായി പ്രാദേശിക സംഘങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരളത്തിലെ ജനങ്ങൾക്ക് വിഷരഹിതമായ പച്ചക്കറികളും ജൈവ പച്ചക്കറികളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി പ്രാദേശിക സംഘങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) & ബി) പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ രൂപീകരിച്ച കർഷകരുടെ ക്ലസ്റ്ററുകൾ, ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻ, ഇക്കോഷോപ്പുകൾ, വിപണി മാർക്കറ്റുകൾ, ആഴ്ച ചന്തകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റ്, ഹരിത ഗ്രൂപ്പ്, വി.എഫ്.പി.സി.കെ യുടെ കീഴിലുള്ള സ്വാശ്രയ സംഘങ്ങൾ, സ്വാശ്രയ വിപണികൾ എന്നിവ മുഖാന്തിരം കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ, ജൈവ പച്ചക്കറികൾ എന്നിവ ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| സി) പ്രാദേശിക റസിഡൻസ് അസോസിയേഷനുകളെ പഞ്ചായത്ത് തലത്തിലെ കൃഷി ഭവനുകളുമായി ബന്ധപ്പെടുത്തി ഇതിനായുള്ള ബോധവൽക്കരണവും മറ്റ് പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) പ്രാദേശിക റസിഡൻസ് അസോസിയേഷനുകളെ പഞ്ചായത്ത് തലത്തിലെ കൃഷി ഭവനുകളുമായി ബന്ധപ്പെടുത്തി ബോധവൽക്കരണവും മറ്റ് പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൃഷി ഭവൻ വഴി റസിഡൻസ് അസോസിയേഷനുകൾക്ക് പഞ്ചായത്ത് തലത്തിൽ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. നഗര പ്രദേശങ്ങളിലെ 3-5 വരെയുള്ള റെസിഡൻസ് അസോസിയേഷനുകളെ വാർഡ് തലത്തിൽ ഫെഡറേറ്റഡ് ചെയ്ത് ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ഹരിത ഗ്രൂപ്പിനു കീഴിലുള്ള കർഷകരെ കൊണ്ട് പച്ചക്കറി കൃഷി നടപ്പിലാക്കുകയും അവർക്കാവശ്യമുള്ള ഉല്പാദനോപാധികൾ ലഭ്യമാക്കുക, കീടരോഗബാധ, മറ്റ് കൃഷി മുറകൾ എന്നിവയെക്കുറിച്ച് |

കൃഷി ഉദ്യോഗസ്ഥരുടെ സഹായത്താൽ അവബോധം സൃഷ്ടിക്കുക, കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റും സംഭരിച്ച് വിപണനം നടത്തുക എന്നിവയാണ് ഹരിത ഗ്രൂപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

**സെക്ഷൻ ഓഫീസർ**